കൂടാതെ ജില്ലാ-ബ്ലോക്ക് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയാക്കുകയും ശിക്ഷ കുറഞ്ഞത് ഒരു ലക്ഷം രൂപ പിഴയും 10 വർഷം തടവും ആക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ വിമാനയാത്ര

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എത്ര പ്രാവശ്യം വിമാനയാത്ര നടത്തിയിട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും എവിടേക്കെല്ലാമാണ് വിമാനയാത്ര നടത്തിയത്;

(സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും വിമാനയാത്രയ്ക്കു വേണ്ടി എന്തു തുക ടി.എ., ഇൻസിഡന്റൽ ചാർജ്ജസ് എന്നീയിനത്തിൽ പറ്റിയിട്ടുണ്ട്?

ഉത്തരം

(എ,ബി,സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരും നടത്തിയ വിദേശയാത്ര ഒഴികെയുള്ള വിമാനയാത്രകളുടെ എണ്ണം, സന്ദർശിച്ച സ്ഥലങ്ങൾ, യാത്രക്കൂലി, ഇൻസിഡന്റൽ ചാർജ്ജസ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

2 (5) മന്ത്രിമാർ ടി.എ. ഇനത്തിൽ ചെലവഴിച്ച തുക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ടി.എ. ഇനത്തിൽ എത്ര തുക ചെലവഴിച്ചു; ഓരോരുത്തരും ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും നാളിതുവരെയുള്ള ടെലിഫോൺ തുക എത്ര; ഓരോരുത്തരുടേയും കണക്ക് വ്യക്തമാക്കാമോ;

(സി) സംസ്ഥാന മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിസഭാംഗങ്ങളുടെയും വീടുകൾ മോടി പിടിപ്പിക്കുന്നതിനായി എത്ര തുക സർക്കാർ ചെലവഴിച്ചു; വകുപ്പുതിരിച്ചുള്ള കണക്കിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

---

* അനുബന്ധം VII

(2,3,4, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്കും മറ്റു മന്ത്രിസഭാംഗങ്ങൾക്കുമായി എത്ര പുതിയ കാറുകൾ വാങ്ങി; ഏതൊക്കെ കാറുകളാണ് വാങ്ങിയത്; ഇതിനായി എന്തു തുക സർക്കാർ ചെലവഴിച്ചു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ ടി.എ. ഇനത്തിൽ വിദേശയാത്ര ഒഴികെയുള്ള വിമാനയാത്രക്കൂലി ഉൾപ്പെടെ താൽക്കാലിക കണക്കുപ്രകാരം 1,98,13,781/- രൂപ (ഒരുകോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി എൺപത്തിയൊന്ന്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോരുത്തരും ചെലവഴിച്ച തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2000 നവംബർ അവസാനം വരെ ആകെ 4,23,89,951/- രൂപ (നാല് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി തൊള്ളായിരത്തി അൻപത്തിയൊന്ന് രൂപ മാത്രം) ഓരോരുത്തരേയും സംബന്ധിച്ച കണക്ക് അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 30 കാറുകൾ വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 3-ൽ കൊടുത്തിട്ടുണ്ട്.*

3 (6) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ വിവിധയിനങ്ങളിലായി കൈപ്പറ്റിയ തുക

ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും ഗവൺമെന്റ് ചീഫ് വിപ്പും വിവിധയിനങ്ങളിലായി എന്തു തുക പറ്റിയിട്ടുണ്ട്;

(ബി) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ മന്ത്രിയും വിവിധയിനങ്ങളിലായി എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(സി) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും ടി.എ.,ഡി.എ. ഇനത്തിൽ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(ഡി) മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ മന്ത്രിയും ഗവൺമെന്റ് ചീഫ് വിപ്പും ടി.എ., ഡി.എ. ഇനത്തിൽ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

(ഇ) നിലവിലുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും പ്രതിമാസ ശമ്പളം അലവൻസ് ഇനത്തിൽ ഒട്ടാകെ എന്തു തുക വീതം പറ്റിയിട്ടുണ്ട്;

---

* അനുബന്ധം VIII (a,b,c).

* അനുബന്ധം 2

* അനുബന്ധം 3

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII (a)

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 2 (5)-ാം നമ്പർ ചോദ്യം ദയവായി കാണുക

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ടി.എ. ഇനത്തിൽ ചെലവഴിച്ച തുക (വിദേശയാത്ര ഒഴികെയുള്ള വിമാനയാത്രക്കൂലി ഉൾപ്പെടെ) സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

1. ശ്രീ. ഇ.കെ.നായനാർ, മുഖ്യമന്ത്രി	22,23,773/- രൂപ
2. ശ്രീ. വി.പി.രാമകൃഷ്ണപിള്ള, ജലസേചന-തൊഴിൽ വകുപ്പുമന്ത്രി	7,39,928/- രൂപ
3. ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ, ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി	11,34,774/- രൂപ
4. ശ്രീ. കെ.ഇ.ഇസ്മായിൽ, റവന്യൂ വകുപ്പുമന്ത്രി	14,37,897/- രൂപ
5. ശ്രീ. പി.ജെ.ജോസഫ്, വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി	16,68,390/- രൂപ
6. ശ്രീ. സി.കെ.നാണു, വനവും ഗതാഗതവും വകുപ്പു മന്ത്രി	3,56,269/- രൂപ
7. ശ്രീ. പാലൊളി മുഹമ്മദ്കുട്ടി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി	13,20,996/- രൂപ
8. ശ്രീ. എസ്.ശർമ്മ, വിദ്യുത്ശക്തിയും സഹകരണവും വകുപ്പുമന്ത്രി	5,79,692/- രൂപ
9. ശ്രീ. കെ.രാധാകൃഷ്ണൻ, പിന്നോക്ക-പട്ടിക വിഭാഗക്ഷേമ വകുപ്പുമന്ത്രി	10,45,001/- രൂപ
10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ, മുൻകൃഷി വകുപ്പുമന്ത്രി	11,22,517/- രൂപ
11. ശ്രീ. ടി.കെ.രാമകൃഷ്ണൻ, ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി	12,99,256/- രൂപ
12. ശ്രീ. വി.സി.കബീർ, ആരോഗ്യവകുപ്പുമന്ത്രി	4,07,389/- രൂപ
13. ശ്രീ. ടി.ശിവദാസമേനോൻ, ധനകാര്യ വകുപ്പുമന്ത്രി	11,10,367/- രൂപ
14. ശ്രീമതി. സുശീലാ ഗോപാലൻ, വ്യവസായ വകുപ്പുമന്ത്രി	11,39,347/- രൂപ
15. ശ്രീ. ബേബി ജോൺ, മുൻ ജലസേചന വകുപ്പുമന്ത്രി	3,63,489/- രൂപ
16. ശ്രീ. വി.കെ.രാജൻ, മുൻ കൃഷി വകുപ്പുമന്ത്രി	2,52,555/- രൂപ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. പിണറായി വിജയൻ, മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി	6,86,888/- രൂപ
18. ശ്രീ. പി.ആർ.കുറുപ്പ്, മുൻവനവും ഗതാഗതവും വകുപ്പുമന്ത്രി	6,93,902/- രൂപ
19. ശ്രീ. എ.നീലലോഹിതദാസൻ നാടാർ, മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി	4,78,308/- രൂപ
20. ശ്രീ. എ.സി.ഷണ്മുഖദാസ്, മുൻ ആരോഗ്യ വകുപ്പുമന്ത്രി	17,53,043/- രൂപ

അനുബന്ധം VIII (b)

നായനാർ മന്ത്രിസഭയിലെ മന്ത്രിമാർക്ക് ടെലിഫോൺ ചാർജ്/വാടക ഇനത്തിൽ 30.11.2000 വരെ ചെലവായത്.

മന്ത്രി (വകുപ്പ്)	*ചെലവഴിച്ച തുക*
മുഖ്യമന്ത്രി	51,66,258/- രൂപ
ജലസേചനം ആന്റ് തൊഴിൽ	21,28,173/- രൂപ
ഭക്ഷ്യം ആന്റ് വിനോദ സഞ്ചാരം	20,21,821/- രൂപ
റവന്യൂ	30,38,764/- രൂപ
വിദ്യാഭ്യാസം ആന്റ് മരാമത്ത്	59,18,925/- രൂപ
വനം ആന്റ് ഗതാഗതം	40,60,265/- രൂപ
തദ്ദേശ സ്വയംഭരണം	20,25,071/- രൂപ
വിദ്യുത്ച്ഛക്തി ആന്റ് സഹകരണം	19,28,129/- രൂപ
പിന്നോക്ക, പട്ടിക സമുദായക്ഷേമം	13,14,093/- രൂപ
കൃഷി	24,15,814/- രൂപ
മത്സ്യബന്ധനം ആന്റ് സാംസ്കാരികം	36,93,746/- രൂപ
ആരോഗ്യം ആന്റ് സ്പോർട്സ്	37,53,662/- രൂപ
ധനകാര്യം ആന്റ് എക്സൈസ്	17,92,580/- രൂപ
വ്യവസായവും സാമൂഹ്യക്ഷേമവും	31,32,650/- രൂപ
ആകെ രൂപ	4,23,89,951/- രൂപ

അനുബന്ധം VIII (c)

ക്രമ നമ്പർ	*കാറുകളുടെ പേര്*	*എണ്ണം*	*വില*
1.	അംബാസിഡർ	19	83,32,811/- രൂപ
2.	ലാൻസർ	3	24,98,583/- രൂപ
3.	കോണ്ടസ	1	4,40,246/- രൂപ

LIBRARY ARCHIVES Kerala Legislative Assembly

4.	ബെൻസ്	1	26,87,726/- രൂപ
5.	ഫോർഡ്	4	33,00,000/- രൂപ
6.	പ്യൂകെ	1	6,86,012/- രൂപ
7.	ഓപ്പൽ ആസ്ട്ര	1	7,99,670/- രൂപ
	ആകെ	1,87,45,,048/- രൂപ	

അനുബന്ധം - IX

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 7 (10)-ാം നമ്പർ ചോദ്യം
ദയവായി കാണുക

GOVERNMENT OF KERALA

Abstract

Economy- Economy in expenditure – Journeys outside the State-Modified – Orders –Issued.

FINANCE (SECRET) DEPARTMEMT

G.O.(P)No.80/99/Fin. Dated, Thiruvananthapuram, 6-1-99.

Read : - G.O.(P)No.1379/98/Fin. dated 18/04/98.

ORDER

Orders have been issued in the G.O. cited that "a total ban on journeys outside the State to attend Seminars/Conference/Training etc., with the exception of obligatory courses, will be imposed for the current financial year".

Now Government have reconsidered the matter and decided that the concerned Administrative Department of the Secretariat in unavoidable cases may sanction journeys of Officers outside the State to attend **Official discussions**, without formal consultation with the Finance Department. If more than one person is to be deputed, orders of the concerned Minister should be taken, circulating the file through Chief Secretary.

The orders issued as per condition (f) of the G.O. cited stand modified to this extent.

By Order of the Government,
VINOD RAI
Principal Secretary (Finance)

To

The Principal Accountant General (Audit), Kerala, Thiruvananthapuram.

2/89/05/S.M.T. -39

LIBRARY ARCHIVES Kerala Legislative Assembly